## പതിനാലാം കേരള നിയമസഭ

## പത്തൊമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1017 05.03.2020 ൽ മറുപടിക്ക്

### പൂന്തൂർ പാലം നിർമ്മാണം

| ചോദ്യം<br>ശ്രീ.പുരുഷൻ കടലുണ്ടി | മറുപടി<br>ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|
| (എ) 2016-17 വർഷത്തിലെ ബജറ്റിൽ പ്രഖ്യാപിച്ച പൂന്തൂർ പാലത്തിന്റെ നിർമ്മാണം ആരംഭിക്കുന്നതിൽ കാലതാമസം നേരിട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട് |
| (ബി) പൂന്തൂർ പാലത്തിന്റെ നിർമ്മാണത്തിനായി എത്ര കോടി രൂപയാണ് കിഫ്ബിയിൽ നിന്നും അനുമതിയായിട്ടുള്ളത്; ഇപ്പോൾ പാലം നിർമ്മാണ പ്രവൃത്തി ആരംഭിക്കുന്നതിനുള്ള തടസ്സം എന്താണെന്നറിയിക്കാമോ; | (ബി) സ.ഉ.സാധാ.നം.1496/2016/പൊ.മ.വ തീയതി 31.10.2016 പ്രകാരം 10 കോടി രൂപയാണ് പൂന്തൂർ ടൗൺ പാലത്തിനായി തത്വത്തിൽ അംഗീകാരം നൽകിയിട്ടുള്ളത്. 10 കോടി രൂപയുടെ ഡി.പി.ആർ കിഫ്ബിയ്ക്ക് സമർപ്പിക്കുകയും ചെയ്തു. ഇതു പ്രകാരം താമരശ്ശേരിയിൽ നിന്ന് കൊയിലാണ്ടി ഭാഗത്തേക്ക് പോകുമ്പോൾ നിലവിലുള്ള പാലത്തിന്റെ ഇടതുഭാഗത്ത് കൂടിയാണ് പുതിയ പാലം നിർമ്മിക്കാനുദ്ദേശിച്ചത്. ഈ ഭാഗത്ത് പാലം വന്നാൽ സമീപത്തുള്ള സ്കൂൾ, ആശുപത്രി എന്നിവിടങ്ങളിലേയ്ക്കുള്ള യാത്രാവഴി തടസ്സപ്പെടുന്നതാണെന്ന പരാതിയുടെ അടിസ്ഥാനത്തിൽ നിലവിലുള്ള പാലത്തിന്റെ വലതു വശത്തു കൂടി പുതിയ പാലം നിർമ്മിക്കാൻ തീരുമാനിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ വീണ്ടും 10 കോടി രൂപയുടെ ഡി.പി.ആർ തയ്യാറാക്കുകയും ചെയ്തു. എന്നാൽ നേരത്തെ സമർപ്പിച്ച 10 കോടി രൂപയുടെ ഡി.പി.ആർ-ൽ ഉൾപ്പെടുത്തിയ നഗര സൗന്ദര്യവൽക്കരണത്തിനുള്ള തുക കുറച്ച് പാലത്തിനും സമീപന റോഡിനും പുഴ സംരക്ഷണത്തിനും മാത്രമായി 4.787 കോടി രൂപയുടെ സാമ്പത്തികാനുമതി ആണ് 24.10.2018 ൽ കൂടിയ കിഫ്ബിയുടെ ഒൻപതാമത് എക്സിക്യൂട്ടീവ് കമ്മിറ്റി |

| | |
|---|---|
| | അംഗീകരിച്ചത്. പ്രസ്തുത സാമ്പത്തികാനുമതിയുടെ അടിസ്ഥാനത്തിൽ സൗന്ദര്യവൽക്കരണ പ്രവൃത്തി ഒഴിവാക്കി. വലതു വശത്ത് പാലം നിർമ്മിക്കാനുള്ള പുതുക്കിയ രൂപരേഖ പ്രകാരം 4.787 കോടി രൂപയുടെ എസ്റ്റിമേറ്റ് KRFB യ്ക്ക് സമർപ്പിച്ചിട്ടുണ്ട്. പുതുക്കിയ അലൈൻമെന്റ് പ്രകാരമുള്ള ഈ എസ്റ്റിമേറ്റിന് ടെക്നിക്കൽ കമ്മിറ്റിയുടെയും കിഫ്ബിയുടെയും അനുമതി ലഭിക്കേണ്ടതുണ്ട്. |
| (സി) പൂന്തുർ പാലം നിർമ്മാണം എപ്പോൾ ആരംഭിക്കാൻ കഴിയുമെന്നാണ് കരുതുന്നതെന്ന് അറിയിക്കാമോ? | (സി) ടെക്നിക്കൽ കമ്മിറ്റിയുടെയും കിഫ്ബിയുടെയും അനുമതി ലഭ്യമായാലുടൻ തന്നെ ടെണ്ടർ ചെയ്ത് പാലത്തിന്റെ നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ കഴിയും. |

**സെക്ഷൻ ഓഫീസർ**